<u>(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)</u>

നം.കെ.എസ്.എ.ഐഡി.കെ 13/1269 /2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ, തീയതി.22.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-വാത്തിക്കുടി ഗ്രാമപഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ 13/1269/2017 തീയതി:22.09.2017

## ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.12.2016 മുതൽ 28.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.8.2017മുതൽ 8.9.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സനുജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.എം.ടി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ.പി.സാമുവൽ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.രാജു | 1.4.2016മുതൽ .31.3.2017വരെ |
| സെക്രട്ടറി | ശ്രീ.എ.ഒ.അജു | 1.4.2016മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ.എസ്.ഷാഹുൽ അഹമ്മദ് | 1.4.2016മുതൽ 14.11.2016വരെ |
| | ശ്രീമതി .ടി.രാജേശ്വരി ,<br>ഹെഡ് ക്ലാർക്ക്(അധിക ചുമതല) | 15.11.2016മുതൽ 18.11.2016വരെ &<br>6.1.2017മുതൽ 8.1.2017വരെ |
| | ശ്രീമതി.സാലിയമ്മ തോമസ് | 19.11.2016മുതൽ 5.1.2017വരെ |
| | ശ്രീ.സുധീർ.എ | 9.1.2017മുതൽ 31.3.2017വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സുദീപ്.എ.എസ് | 1.4.2016മുതൽ 16.11.2016വരെ |
| | ശ്രീ.ബിനു.കെ.വി | 17.11.2016 മുതൽ 7.12.2016വരെ |
| | ശ്രീ.ഷാജി കെ.പി | 8.12.2016മുതൽ22.1.2017വരെ |
| | ശ്രീ.കെ.പി.വിജയൻ | 23.1.2017മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പി.എസ്.സൗദാമണിയമ്മ | 1.4.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.രഞ്ജിനി ജോൺസൺ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ജിൻഷിദ് | 1.4.2016മുതൽ 9.8.2016വരെ |
| | ഡോ.കൃഷ്ണപ്രിയ | 10.8.2016മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനോദ് പി.ജി | 1.4.2016മുതൽ 31.3.2017വരെ |
| വി.ഇ.ഒ. | ശ്രീമതി.ജോബിഷ ജോസഫ് | 1.4.2016മുതൽ 10.11.2016വരെ |
| | ശ്രീമതി.ഷീജ.വി.റ്റി. | 11.11.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സ്മിത.കെ.മോഹൻ | 1.4.2016മുതൽ 17.1.2017വരെ |
| | ഡോ.ദിവ്യ | 18.1.2017മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷബീർ.എം.എച്ച് | 1.4.2016മുതൽ 31.3.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എ.ഓമനക്കുട്ടൻ | 1.4.2016 മുതൽ 31.3.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | പൊളിച്ചുനീക്കിയ സാധനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല | 2-2 |
| 15 | വസ്തു നികുതി കണക്കിലെ അപാകതകൾ | 2-3 |
| 16 | തൊഴിൽ നികുതി- അപാകതകൾ | 2-4 |

| | | |
|---|---|---|
| 17 | ഇ-ടെണ്ടർ ഫീ-പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-5 |
| 18 | വാടക ഈടാക്കൽ - അപാകത | 2-6 |
| 19 | ഡി&ഒ ലൈസൻസ് | 2-7 |
| | ഭാഗം -3 | |
| 20 | വയോജന ക്ലബ്ബിന് ഫർണീച്ചർ വാങ്ങൽ- കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ പരിഗണിച്ചില്ല | 3-1 |
| 21 | എസ്.റ്റി.വീടിന് സംരക്ഷണഭിത്തി നിർമ്മാണം - സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധം | 3-2 |
| 22 | കുടുംബശ്രീ വനിതകൾക്ക് ടെക്സ്റ്റയിൽ മാനുഫാക്ചറിംഗ് യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 23 | വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നല്കൽ- കൈപ്പറ്റ് രസീത്,വിനിയോഗവിവരം ലഭ്യമല്ല | 3-4 |
| 24 | മരുന്ന ലഭ്യമായിട്ടില്ല- ചെലവു തടസ്സം | 3-5 |
| 25 | എ.ബി.സി.പ്രോഗ്രം- പദ്ധതി നാളിതുവരെ നടപ്പിലാക്കിട്ടില്ല | 3-6 |
| 26 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല | 3-7 |
| 27 | അങ്കണവാടികളിൽ ഫർണീച്ചർ, പാത്രങ്ങൾ, കളിയുപകരണങ്ങൾ വാങ്ങൽ | 3-8 |
| 28 | ഡീസൽ അടിച്ചതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല | 3-9 |
| 29 | കുടിവെള്ളവിതരണം- അപാകതകൾ | 3-10 |
| 30 | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ | 3-11 |
| 31 | കന്നുകുട്ടിപരിപാലനം- പദ്ധതി നാളിതുവരെ ആരംഭിക്കാത്തത് | 3-12 |

| | | |
|---|---|---|
| 32 | വികസനഫണ്ടിനത്തിലുള്ള തുക തിരികെ സഞ്ചിതനിധിയിൽ ഒടുക്കിയിട്ടില്ല | 3-13 |
| 33 | ഇ.എം.എസ്.ഭവന നിർമ്മാണം | 3-14 |
| 34 | മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-15 |
| 35 | മെയിന്റനൻസ് ഗ്രാന്റ് (റോഡ് വിഹിതം)-ലഭിച്ച ഗ്രാന്റിൽ 1.11 കോടി രൂപ നഷ്ടപ്പെടുത്തി | 3-16 |
| 36 | ക്ഷേമ പെൻഷൻ വിതരണം ചെയ്യാത്ത തുകയുടെതിരിച്ചടവ് വിവരം ലഭ്യമാക്കിയില്ല | 3-17 |
| | ഭാഗം- 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 3.3.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്. 2017-18 ലെ ബജറ്റ് അംഗീകരിച്ചതിനൊപ്പം 16.3.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2016-17 ലെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളും വാർഷിക കണക്കു പ്രകാരമുള്ള വരവ് ചെലവ് തുകകളും ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 274459000 | 280698000 |
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 162559561 | 57784903 |
| വാർഷിക കണക്കു പ്രകാരം | 112504231 | 111261863 |

വാർഷിക കണക്കിലെയും ബജറ്റിലെയും തുകകൾ തമ്മിൽ വളരെയേറെ വ്യത്യാസം കാണുന്നു. യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് അവതരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ പരസ്യനികുതിയിനത്തിൽ തുക വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും വരവില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 20.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16090327.59 |
| വരവ് | 112504231.00 |

| | |
|---|---|
| ആകെ | 128594558.59 |
| ചെലവ് | 111261863.00 |
| നീക്കിയിരിപ്പ് | 17332695.59 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 15567648 | 0 | 15567648 | 15567648 | 13966869 | 89.72 | 1600779 |
| വികസനഫണ്ട് (എസ്.സി.പി.) | 1598250 | 0 | 1598250 | 1598250 | 735064 | 45.99 | 863186 |
| വികസനഫണ്ട് (ടി.എസ്.പി.) | 1898232 | 0 | 1898232 | 1898232 | 1843432 | 97.11 | 54800 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 18001104 | 0 | 18001104 | 18001104 | 6862254 | 38.12 | 11138850 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4794567 | 0 | 4794567 | 4794567 | 3553750 | 74.12 | 1240817 |
| ധനകാര്യകമ്മീഷൻ അവാർഡ് | 8729942 | 0 | 8729942 | 8729942 | 8092487 | 92.70 | 637455 |
| ലോക ബാങ്ക് ധനസഹായം | 4572015 | 0 | 4572015 | 4572015 | 3010000 | 65.84 | 1562015 |

## 1-6 പദ്ധതി അവലോകനം

1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 128931575 | 77 | 60382689 | 33 | 50 | 48.13 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

2) നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം(സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം)

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 18 | 17873278 | 14220739 | 79.56 |
| അസി.സെക്രട്ടറി | 7 | 4 | 1808232 | 426750 | 23.60 |
| അസി. എഞ്ചിനീയർ | 93 | 62 | 58557175 | 22913678 | 39.13 |
| കൃഷി ഓഫീസർ | 3 | 2 | 3766400 | 702400 | 18.65 |
| വെറ്ററിനറി സർജൻ | 3 | 3 | 4577076 | 1518750 | 33.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10 | 7292707 | 5636885 | 77.29 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 3 | 1553207 | 1553207 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ | 5 | 4 | 31230000 | 11467500 | 36.72 |
| ഡയറി ഫാം | 2 | 2 | 1473500 | 1142780 | 77.55 |

| | | | | | |
|---|---|---|---|---|---|
| ഇൻസൂക്കർ | | | | | |
| ആകെ | 160 | 110 | 128931575 | 60382689 | |

അംഗീകാരം ലഭിച്ച 160 പദ്ധതികളിൽ 50 എണ്ണം നടപ്പിലാക്കാതെ ഉപേക്ഷിച്ചുവെന്നത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും വേണ്ടത്ര കാര്യക്ഷമത പുലർത്തിയിട്ടില്ലായെന്ന് സൂചിപ്പിക്കുന്നു. അസി.സെക്രട്ടറി, കൃഷി ഓഫീസർ എന്നിവർ വകയിരുത്തിയ തുകയുടെ യഥാക്രമം 23.60%, 18.64% വീതമാണ് ചെലവഴിച്ചത്. അസി.എഞ്ചിനീയർ, വെറ്ററിനറി സർജൻ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരും തുച്ഛമായ തുക മാത്രമാണ് ചെലവഴിച്ചത്. സംരക്ഷണ ഗ്രാന്റിനത്തിൽ ലഭിച്ച 1.11 കോടി രൂപ നഷ്ടപ്പെടുത്തി. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിറ്റ്സ് ബുക്കിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടത്തിയ വാങ്ങലുകൾ സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരായ സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (അലോപ്പതി) എന്നിവർ ഫയലുകളും രേഖകളും സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ഇ-പേയ് മെന്റ് മുഖേന ഫണ്ട് ട്രാൻസ്ഫർ നടത്തുന്നതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചത് സംബന്ധിച്ച രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

3) <u>അസിസ്റ്റന്റ് എൻജിനിയറുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല</u>

അസി.എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 93 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ കേവലം 62 എണ്ണം മാത്രമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്.വിവിധ തലത്തിലും പദവികളിലുമുള്ള ഉദ്യോഗസ്ഥരുടെ വിലയേറിയ സമയവും, അധ്വാനവും വിനിയോഗിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകൾ ഇപ്രകാരം നടപ്പാക്കാതെ ഉപേക്ഷിക്കുന്ന പ്രവണത ഒട്ടും തന്നെ അംഗീകരിക്കാവുന്ന വിഷയമല്ല. പ്രായോഗികതയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി,വർക്കിംഗ് ഗ്രൂപ്പ് /മോണിട്ടറിംഗ് സമിതികളുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ ഇനം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | നടപ്പിലാക്കിയത് |
|---|---|---|
| റോഡ് പുനരുദ്ധാരണം | 66 | 46 |
| ടാറിംഗ് | 4 | 2 |
| അംഗൻവാടി മെയ്ന്റനൻസ് | 15 | 10 |
| മറ്റുള്ളവ | 6 | 2 |
| സംരക്ഷണഭിത്തി നിർമ്മാണം | 2 | 2 |

## 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 80.28ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3075203 | 4297837 | 1222634 | 39.76 |
| നികുതിയേതര വരവുകൾ | 1007559 | 3630130 | 2622571 | 260.29 |
| മറ്റുവരവുകൾ | 527084 | 382441 | (-)144643 | (-)27.44 |
| ആകെ | 4609846 | 8310408 | 3700562 | 80.28 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ധനകാര്യ പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം | റിമാർക്സ് |
|---|---|---|---|
| തൊഴിൽരഹിത വേതനം | 72360 | 34 | യഥാർത്ഥ ചെലവ് 50040 ആണെങ്കിലും വാർഷിക കണക്കിൽ 72360 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. |
| കർഷകതൊഴിലാളി പെൻഷൻ | 2791510 | 332 | |
| വിധവാപെൻഷൻ | 8172880 | 867 | |
| വാർദ്ധക്യകാലപെൻഷൻ | 15648825 | 1714 | |
| വികലാംഗപെൻഷൻ | 2926975 | 315 | |
| 50വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 172900 | 17 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.8.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5311/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറുന്നില്ല. വായ്പ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും

പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്റ്റേഷനറി സാധനങ്ങളും ദീർഘനാൾ രേഖ സൂക്ഷിക്കേണ്ട സാധനങ്ങളും ഒരേ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടെണ്ടർ/ക്വട്ടേഷൻ അംഗീകരിച്ച തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തുമ്പോൾ സ്ഥാപനം ക്വോട്ടു ചെയ്ത തുകയും അംഗീകരിച്ച തുകയും കൃത്യമായി രേഖപ്പെടുത്തുന്നില്ല. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ അനുസരിച്ച് തെരഞ്ഞെടുപ്പിലൂടെ ഒരു പഞ്ചായത്ത് രൂപികരിക്കപ്പെട്ടശേഷം ആറുമാസത്തിനുള്ളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ടി പഞ്ചായത്തിൽ നാളിതുവരെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.6.2017 മുതൽ 14.6.2017 വരെ | 4/17 & 5/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.8.2009മുതൽ 26.8.2009വരെ | 2004-05മുതൽ 2008-09വരെ | 10/2009 |

## 1-12 വാർഷിക ധനകാര്യ പത്രിക പരിശോധന

എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ലായെങ്കിലും ആയിനത്തിൽ ₹94000/- ചെലവിനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലില്ലായ്മ വേതനം വിതരണത്തിൽ യഥാർത്ഥ ചെലവും(50040/-) വാർഷിക കണക്കിലെ തുകകളും(72360/-) തമ്മിൽ അന്തരം കാണുന്നു. ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിക്കുന്ന തുകകൾ പ്രസ്തുത ഹെഡിലല്ല രേഖപ്പെടുത്തുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയം നാളിതുവരെ പൂർത്തിയായിട്ടില്ല. നികുതി നിർണയിച്ചവയുടേത് 2013-14 മുതലുള്ള തുക കുടിശികയായും ശേഷിക്കുന്നു. ഗണ്യമായ റവന്യൂ വരുമാന നഷ്ടമാണ് തത്ഫലമായി ഓരോ വർഷവും സംഭവിക്കുന്നത്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറുകളുടെ പേര്, അഡ്രസ്സ് | വിസ്തീർണ്ണം (ച.മീ.) | നികുതി നിരക്ക് / ച.മി. | നിർണ്ണയിച്ച നികുതി |
|---|---|---|---|
| വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, | 57.36 | 400/- | 22944/- |

| | | | |
|---|---|---|---|
| ഒന്നാം നില, മദർ സ്ക്വയർ,<br>എറണാകുളം | | | |
| വയർലെസ് ടി.ടി.ഇൻഫോ, സി.എൻ.മൊബൈൽ,<br>എസ്.എൻ.പ്ലാസ, പാലാരിവട്ടം | 15 | 400/- | 6000 |
| റിലയൻസ് കമ്മ്യൂണിക്കേഷൻസ്, എ&പി ആർക്കേഡ്,<br>എസ്.എ.റോഡ്,കൊച്ചി | നികുതി നിർണ്ണയിച്ചിട്ടില്ല | | |
| ബി.എസ്.എൻ.എൽ. മുരിക്കാശ്ശേരി | | | |
| ബി.എസ്.എൻ.എൽ.തോപ്രാംകുടി | | | |

നികുതി നിർണ്ണയ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും കുടിശികയുൾപ്പെടുള്ള ഡിമാന്റ് തുകകൾ കാലഹരണപ്പെടുന്നതിനു മുമ്പ് പിരിച്ചെടുക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 2-2 പൊളിച്ചുനീക്കിയ സാധനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ-194/15-16 കിളിയാർകണ്ടം അംഗൻവാടി മെയിന്റനൻസ് (എം.ബുക്ക് നമ്പർ-123/15-16)

പ്രോജക്റ്റ് നമ്പർ-47/16-17 കാരിക്കവല അംഗൻവാടി മെയ്ന്റൻസ്(എം.ബുക്ക് നമ്പർ-26/16-17)

പ്രസ്തുത അങ്കൺവാടികളുടെ നവീകരണ വേളയിൽ പൊളിച്ചുനീക്കിയ ജി.ഐ.ഷീറ്റ് 63.74 എം2 , ജംഗിൾ വുഡ് 480 ഡി.എം3 ,എ.സി.ഷീറ്റ് 49 എം.2, മുതലായ പഴയ സാധനങ്ങൾ ലേലംചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. അതത് സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ള സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ലേലംചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-3 വസ്തു നികുതി കണക്കിൽ അപാകതകൾ

2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനമാക്കിയുള്ള ധനകാര്യ പത്രിക, സഞ്ചയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി പിരിവ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| വസ്തു നികുതി പിരിവ് | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി പിരിവ് | സാംഖ്യ പ്രകാരമുള്ള വസ്തുനികുതി പിരിവ് | വ്യത്യാസം |
|---|---|---|---|
| Residential building Current<br>Non Residential building Current | 1430294 | 1478340 | 48046 |
| Residential and non residentialbuilding Arrear | 1311376 | 1336167 | 24791 |

2014-15 വർഷം മുതൽ സഞ്ചയ ,സാംഖ്യ എന്നിവയിലെ റിസീവബിൾ തുകയിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു. ബുക്ക് അഡ്ജസ്റ്റ്മെന്റ് ഒഴികെ.

| വർഷം | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് | സാംഖ്യ പ്രകാരമുള്ള ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| 2014-15 | 4859585 | 2287911 | 2571674 |
| 2015-16 | 5974617 | 2391579 | 3583038 |
| 2016-17 | 7669577 | 5239281 | 2430296 |

ടി വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി -അപാകതകൾ

തൊഴിൽനികുതി വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡിമാന്റ് സമഗ്രമല്ല.

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം ബജറ്റിൽ തൊഴിൽ നികുതിക്കായി ലക്ഷ്യമിട്ട വരുമാനം 1800000/- രൂപയാണ്. എന്നാൽ വരവ് കേവലം 1482730/- മാത്രമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം(1994) സെക്ഷൻ 205(ബി) പ്രകാരം പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ അപ്രകാരം സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഡിമാന്റ് തുക നിർണ്ണയിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് രജിസ്റ്റർ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്.

2) തൻവർഷ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ആപ്കോസ്,തോപ്രാംകുടി | II |
| 2 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തോപ്രാംകുടി | II |
| 3 | സൗത്ത് ഇന്ത്യൻ ബാങ്ക് ,മുരിക്കാശ്ശേരി ശാഖ | II |

ടി സ്ഥാപനങ്ങളുടെ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് തൻ വർഷം ഇ-ടെൻഡർ നടപടികളിലൂടെ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫീ ഇനത്തിൽ ഒടുക്കിയ തുക പഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തികളുടെ പേര്/പ്രോജക്ട് നമ്പർ | ഫോം വില | ടെണ്ടർ തീയതി |
|---|---|---|---|
| 1 | വാത്തിക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ<br>152/16-17 | 10000 | 9-11-16 |
| 2 | മുരിക്കാശ്ശേരി ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം<br>157/16-17 | 3450 | 16-01-17 |
| 3 | ചേബ്ലാനിപ്പടി കിളിയാർവാലി റോഡ് പുനരുദ്ധാരണം<br>61/16-17 | 5000 | 16-01-17 |
| 4 | കുമ്പ്ളുവേലിപ്പടി വാത്തിക്കുടി റോഡ് പുനരുദ്ധാരണം<br>65/16-17 | 2500 | 16-01-17 |
| 5 | പുന്നക്കുഴിപ്പടി എസ.എൻ.ഡി.പി പടി റോഡ് പുനരുദ്ധാരണം<br>83/16-17 | 5000 | 16-01-17 |
| 6 | ബഥേൽ മിൽമപടി നാലുതുൺ റോഡ് പുനരുദ്ധാരണം<br>40/16-17 | 2800 | 16-01-17 |
| 7 | വാഴചാരിപ്പടി പ്രകാശ് റോഡ് പുനരുദ്ധാരണം<br>48/16-17 | 5250 | 16-01-17 |
| 8 | മൂങ്ങാപ്പാറ അംഗൻവാടിനിർമ്മാണം<br>24/16-17 | 2200 | 27-2-17 |
| 9 | ആറടികെട്ട് കുന്നംപുറംപടി റോഡ് പുനരുദ്ധാരണം<br>5/16-17 | 1400 | 27-2-17 |
| 10 | കള്ളിപ്പാറ,ജോസ് പുരം,പള്ളിപ്പടി, കൊച്ചാനിപ്പടി<br>റോഡ് പുനരുദ്ധാരണം<br>12/16-17 | 2800 | 28-2-17 |
| | | 40400 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-6 വാടക ഈടാക്കൽ-അപാകതകൾ

വടക വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>കുടിശിക ഈടാക്കിയിട്ടില്ല</u>

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ പട്ടികയിൽ സൂചിപ്പിക്കുന്ന കുടിശിക നിലനിൽക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | പ്രതിമാസ നിരക്ക് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 5,6,7,8 | സപ്ലൈകോ | മാർച്ച് 2016 | 1065/- | 1065/- |
| 2 | 13 | സ്പെഷ്യൽ തഹസിൽദാർ | മാർച്ച് 2016 | 5953/- | 5953/- |

കുടിശിക തുക സമയബന്ധിതമായി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) <u>കുത്തകക്കാരുമായി കരാർ ചമയ്ക്കുന്നില്ല.</u>

പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരനുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ഓരോ വർഷവും വാടക പുതുക്കി നൽകുമ്പോൾ കരാറും പുതുക്കേണ്ടതായുണ്ട്. എന്നാൽ 2016-17 വർഷത്തെ വാടകക്കാർ കരാർ പുതുക്കിയിട്ടില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-7 <u>ഡി&ഓ ട്രേഡ് ലൈസൻസ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഫീൽഡ് പരിശോധന നടത്തി ശേഖരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. എങ്കിലും പഞ്ചായത്ത് ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വരുമാന നഷ്ടം ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>വയോജന ക്ലബ്ബിന് ഫർണിച്ചർ വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ പരിഗണിച്ചില്ല.</u>

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

| | |
|---|---|
| പ്രോജക്ട് നം. | 170/16 |
| പദ്ധതി അടങ്കൽ | |
| വികസന ഫണ്ട് | 15000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 185000 |

| | |
|---|---|
| ആകെ | 200000 |

<u>ചെലവ് വിവരം</u>

| ബിൽ നം | തുക |
|---|---|
| 10/16-17/24.3.2017 | 185000 |
| 11/16-17/24.3.2017 | 15000 |
| ആകെ | 200000 |

വയോജന ക്ലബ്ബിന് ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിലൂടെ 500 പ്ലാസ്റ്റിക് കസേരകൾ രൂ 400/- നിരക്കിൽ വാങ്ങുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. 3 ടെൻഡറുകൾ ലഭ്യമായതിൽ ഹൈറേഞ്ച് ഇന്റർനാഷണൽ, ഏലൂർക്കര എന്ന സ്ഥാപനത്തിൽ നിന്നും ₹524/- നിരക്കിൽ 382 പ്ലാസ്റ്റിക് കസേര വാങ്ങി(ബിൽ നം 296/13.3.2017). ടി സ്ഥാപനം നല്കിയ ടെണ്ടറിൽ കസേരകൾ ₹495/- , ₹515/- , ₹524/- എന്നീ നിരക്കുകളും ചവറപ്പുഴ ഫർണിച്ചേഴ്സ്, വണ്ടിപ്പെരിയാർ എന്ന സ്ഥാപനം ₹499/- നിരക്കും രേഖപ്പെടുത്തിയിരുന്നു. എന്നാൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാത്തതിന് കാരണം രേഖപ്പെടുത്താതെ ₹524/- നിരക്കിൽ ഹൈറേഞ്ച് ഇന്റർനാഷണൽ, ഏലൂർക്കര എന്ന സ്ഥാപനത്തിൽ നിന്നും കസേര വാങ്ങിയതിനാൽ ₹11078/- ( 524-495= 29 , 29x382 =11078) അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെയും കരാർ ചമച്ചതിന്റെയും രേഖകൾ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19) സമർപ്പിച്ച മറുപടിയിൽ ₹15000/-യുടെ കസേരകൾ ലഭിച്ചിരുന്നില്ലായെന്നും കസേരകൾ വാങ്ങി വിതരണം ചെയ്തുകൊള്ളാമെന്നുമാണ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. ആവശ്യമായ രേഖകൾ സൂക്ഷിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തുകയും ലഭ്യമാക്കാത്ത സാധനങ്ങൾക്ക് വിലനൽകുകയും ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നല്കിയ ₹11078/- ഓഡിറ്റിൽ നിരാകരിക്കുകയും ബാക്കി തുക (200000-11078=188922) ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നിരാകരിച്ച 11078/-രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-2 <u>എസ്.റ്റി.വീടിന് സംരക്ഷണഭിത്തി നിർമ്മാണം-സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധം.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

പ്രേജക്റ്റ് നമ്പർ-158/2017

വി.ഫണ്ട് (TSP)അടങ്കൽ-2,50,000/-

കൺവീനർ-ശ്രീമതി.വിജയമ്മ രാജൻ മാന്തോപ്പിൽ.

ബിൽനമ്പർ-27/16-17/28-2-17₹2,49,638/-

എം.ബുക്ക് നമ്പർ-128/15-16

എസ്.റ്റി.വീടിന് സംരക്ഷണഭിത്തി നിർമ്മാണം എന്ന മേൽ പ്രോജക്റ്റ് പ്രകാരം ശ്രീമതി.വിജയമ്മ രാജൻ മാന്തോപ്പിൽ എന്ന സ്വകാര്യ വ്യക്തിയുടെ പുരയിടത്തിന് സംരക്ഷണഭിത്തിയായി 20.40 മീറ്റർ നീളത്തിലും 3 മീറ്റർ ഉയരത്തിലും കരിങ്കല്ലുകെട്ട് നടത്തിയിട്ടുണ്ട്. 2011-12 വർഷം IAY ധനസഹായം ഉപയോഗിച്ച് ബ്ളോക്ക് പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള വാർഡ് 14ൽ 178-ാം നമ്പർ വീടായിരുന്നു ഇത്. ഒരിക്കൽ ഏതെങ്കിലും ഇനത്തിൽ സർക്കാർ ധനസഹായം ലഭിച്ചിട്ടുള്ള വ്യക്തിക്ക് വീണ്ടും സർക്കാർ ധനസഹായം നൽകിയതും, സർക്കാർ പണം ഉപയോഗിച്ച് സ്വകാര്യ വ്യക്തിയുടെ പുരയിടത്തിന് സംരക്ഷണഭിത്തി നിർമ്മാണം ഏറ്റെടുത്തതും പദ്ധതി മാനദണ്ഡങ്ങളുടെ ലംഘനം ആണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് നടത്തിയ പ്രദേശിക പരിശോധനയിൽ വീട് സ്ഥിതി ചെയ്യുന്ന സ്ഥലവും ഇപ്പോൾ സംരക്ഷണഭിത്തി കെട്ടിയിരിക്കുന്ന സ്ഥലവും തമ്മിൽ ഏകദേശം 5 മീറ്ററിലധികം ദൂരവ്യത്യാസം കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ മറുപടിയിൽ വാത്തിക്കുടി എസ്.റ്റി കോളനി റോഡ് വീതി കൂട്ടിയതിന്റെ ഫലമായി മഴക്കാലത്ത് വീടിന്റെ മുൻഭാഗം കട്ടിംഗ് സൈഡ് ഇടിഞ്ഞുപോരുകയും വീടിന് ഭീഷണിയാവുകയും ചെയ്തതിനെ തുടർന്ന് ടി വിവരം കാണിച്ചുകൊണ്ട് ശ്രീമതി.വിജയമ്മ രാജൻ മാന്തോപ്പിൽ ബഹു.ജില്ലാ കളക്ടർക്ക് പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.ജില്ലാ കളക്ടർ നിർദ്ദേശിച്ചതനുസരിച്ചാണ് പ്രവൃത്തി നടത്തിയതെന്നുമാണ് അറിയിച്ചത്. എന്നാൽ ഇതു സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനം, ജില്ലാ കളക്ടറുടെ കത്ത് എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 കുടുംബശ്രീ വനിതകൾക്ക് ടെക്സ്റ്റയിൽ മാനുഫാക്ച്ചറിംഗ് യൂണിറ്റ്. -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പദ്ധതി അടങ്കൽ – ₹500000/-(വികസന ഫണ്ട്)

ബിൽ നം 9/16-17/24.3.2017 ₹498979/-

കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് കുടുംബശ്രീ വനിതകൾക്ക് ടെക്സ്റ്റയിൽ മാനുഫാക്ച്ചറിംഗ് യൂണിറ്റ് എന്ന പദ്ധതി. ടി പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച 3 ടെണ്ടറുകളിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ഹൈറേഞ്ച് ഇന്റർനാഷണൽ, ഏലൂർക്കര എന്ന സ്ഥാപനത്തിൽ നിന്നും തയ്യൽ ഉപകരണങ്ങൾ വാങ്ങി. ടി സ്ഥാപനത്തിന്

സപ്ലൈ ഓർഡർ നല്കിയതിന്റെയും സ്ഥാപനവുമായി കരാർ ചമച്ചതിന്റെയും രേഖകൾ ഇല്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ ഒരുമ റെഡിമെയ്ഡ് ടെയലറിംഗ് യൂണിറ്റിന് കൈമാറിയെങ്കിലും അവരുമായി കരാർ ചമച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ സ്ഥാപനത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ വിതരണ ഏജൻസി 13.3.2017 ലെ 297-ാം നമ്പർ ബില്ലിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായിട്ട് താഴെ പറയുന്ന ഇനങ്ങളാണ് വിതരണം ചെയ്തിരിക്കുന്നതെന്ന് കാണുകയുണ്ടായി.

| ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന സാധനങ്ങൾ | പരിശോധനയിൽ കണ്ടത് |
|---|---|
| എംബ്രോയ്ഡറി മെഷീൻ 2എണ്ണം | ലോക്ക് മെഷീൻ(ഉഷാ ജാനോം 1 , ചന്ദൻ 1) |
| ഉഷാ മെഷീൻ 8 എണ്ണം | ഉഷാ മെഷീൻ 4 എണ്ണം, മെറിറ്റ് മെഷീൻ4 എണ്ണം |
| സ്റ്റീൽ ഷെൽഫ് 2 എണ്ണം | സ്റ്റീൽ ഷെൽഫ് 1 എണ്ണം |

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം -16) സമർപ്പിച്ച മറുപടിയിൽ, ബിൽ പ്രകാരമുള്ള ഉപകരണങ്ങൾ ഏജൻസിയിൽ നിന്ന് എത്രയും വേഗം മാറ്റി വാങ്ങാമെന്ന് സമ്മതിച്ചതിൽ നിന്നും ടി വാങ്ങലിൽ അപാകത സംഭവിച്ചത് വ്യക്തമാണ്.

ബില്ല് പ്രകാരം ലഭ്യമായ ഉപകരണങ്ങൾ പരിശോധിക്കാതെയും, സ്റ്റോക്കിൽ ചേർക്കാതെയും ടെയ് ലറിംഗ് യൂണിറ്റിന് കൈമാറിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി തികച്ചും നിരുത്തരവാദപരമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പിൻവലിച്ച തുക ഹൈറേഞ്ച് ഇന്റർനാഷണൽ , ഏലൂർക്കര എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരവുവെച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല. ബില്ല് പ്രകാരമുള്ള ഉപകരണങ്ങൾ വിതരണം നടത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച ₹498979/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യൂണിറ്റിന് യഥാർത്ഥത്തിൽ ആവശ്യമായതും ടെണ്ടർ പ്രകാരം അംഗീകരിച്ചതുമായ ഉപകരണങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ -കൈപ്പറ്റ് രസീത്,വിനിയോഗവിവരം ലഭ്യമല്ല-ചെലവ് തടസ്സം ₹3,18,12,400/-

വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ ഇനത്തിൽ 2016-2017കാലയളവിൽ ₹3,18,12,400/-ചുവടെ കൊടുക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയതിന്റെ അഭാവത്തിൽ ചെലവ് തുക ₹3,18,12,400/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) എസ്.എസ് എ വിഹിതം നൽകൽ

| പ്രോജക്ട് നം | ചെലവിനം | ചെലവഴിച്ച തുക | ബിൽനം./ തിയതി | ഡി.ഡി.നം./തിയതി | തുക ആർക്ക് നൽകി എന്ന് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 99/17 | എസ്.എസ്. എ. വിഹിതം നൽകൽ | 6,00,000 | 22/16-17/ 17-2-17 | NEFT വഴി നൽകിയത് (തുക നൽകിയതിന്റെ വിവരം ലഭ്യമല്ല) | പ്രോജക്ട് ആഫീസർ എസ്എസ്എ, ഇടുക്കി | ശ്രീ.എ.ഒ.അജ്ജു, സെക്രട്ടറി. |
| 2) ഐ.എ.വൈ വിഹിതം നൽകൽ | | | | | | |
| 113/17 | ഐ.എ.വൈ- റ്റി.എസ്.പി | 13,97,500 | 25/16-17/ 17-2-17 | NEFT വഴി നൽകിയത് (തുക നൽകിയതിന്റെ വിവരം ലഭ്യമല്ല) | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | ശ്രീ.എ.ഒ.അജ്ജു, സെക്രട്ടറി |
| 112/17 | ഐ.എ.വൈ- SCP | 3,00,000 | 24/16-17/ 17-2-17 | -ടി- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | ശ്രീ.എ.ഒ.അജ്ജു, സെക്രട്ടറി. |
| 101/17 | ഐ.എ.വൈ- ജനറൽ | 7,20,000 | 24/16-17/ 17-2-17 | -ടി- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | ശ്രീ.എ.ഒ.അജ്ജു, സെക്രട്ടറി. |
| 3) സാമൂഹ്യസുരക്ഷാമിഷന് ധനസഹായം നൽകൽ | | | | | | |
| 104/17 | സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം നൽകൽ | 3,00,000 | 12/16-17/ 30-11-16 | അക്കൗണ്ട് നമ്പർ 701011400000134 ലേക്ക് NEFT വഴി നൽകിയത് | ഡയറക്ടർ, സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം | ശ്രീ.എ.ഒ.അജ്ജു, സെക്രട്ടറി. |

| | | | | | | |
|---|---|---|---|---|---|---|
| 4) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് അഡീഷണൽ വിഹിതം നൽകൽ | | | | | | |
| 198/17 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് അഡീഷണൽ വിഹിതം നൽകൽ | 28000000 | 40/16-17/ 25-03-17 | അക്കൗണ്ട് നമ്പർ 67145898603ലേക്ക് NEFT വഴി നൽകിയത് | റീജിയണൽ എഞ്ചിനിയർ, നിരമ്മിതി കേന്ദ്രം മുട്ടം | ശ്രീ.എ.ഒ.അജ്ജ, സെക്രട്ടറി |
| 5) തോപ്രാംകുടി മാർക്കറ്റിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ | | | | | | |
| 174/17 | തോപ്രാംകടി മാർക്കറ്റിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ. | 4,94,900 | 44/16-17/ 31-3-17 | അക്കൗണ്ട് നമ്പർ 57067325135ലേക്ക് NEFT വഴി നൽകിയത് | മാനേജർ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമി. കൊച്ചിൻ. | ശ്രീ.എ.ഒ.അജ്ജ, സെക്രട്ടറി. |
| ആകെ ₹3,18,12,400/- | | | | | | |

ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 മരുന്നു വാങ്ങൽ-ഔഷധി മരുന്നുകൾ പൂർണമായി ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 115/17

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരുന്നു വാങ്ങൽ പ്രോജക്റ്റിനുവേണ്ടി 700000/-രൂപ ഔഷധി തൃശ്ശൂർ എന്ന സ്ഥാപനത്തിന് ബിൽ നം.1/2017/25.01.17 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 360757/-രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 എ.ബി.സി പ്രോഗ്രാം - പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല

പ്രോജക്റ്റ് നം. : 195/17

ചെക്ക് നമ്പർ : 4959/31.3.2017 ₹100000/-

തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തു വിഹിതമായി മേൽ പരാമർശിച്ച ചെക്കു പ്രകാരം ₹100000/- പിൻവലിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ടി പദ്ധതി നടപ്പിലാക്കാത്തപക്ഷം നൽകിയ ₹100000/- തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ചെലവ് രേഖകൾ ഹാജരാക്കിയില്ല

ബാലസഭ
(പ്രോജക്ട് നം.118/17)
നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പദ്ധതി അടങ്കൽ ₹35000/-

ബിൽ നം. 5/16-17/24.3.2017 ₹35000/-

4 ക്യാമ്പ് സംഘടിപ്പിക്കുക, 10 മുതൽ 20 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾക്ക് സ്വയംസുരക്ഷാ പരിശീലനം നൽകുക എന്നിവയാണ് ടി പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആകയാൽ ചെലവ് തുക (₹35000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 അങ്കണവാടികൾക്ക് ഉപകരണം വാങ്ങൽ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം : 121/17

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ : 349000/-( മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

ബിൽ നം : 7/16-17/24.3.2017 ₹349000/-

അങ്കണവാടികളിൽ ഫർണിച്ചർ, പാത്രങ്ങൾ, കളിയുപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരമുള്ള സാധന സാമഗ്രികൾ ഹൈറേഞ്ച് ഇന്റർനാഷണൽ, ഏലൂർക്കര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിൽ 22 ഗ്യാസ് സ്റ്റൗവും ഉൾപ്പെട്ടിട്ടുണ്ട്. വാങ്ങിയ ഗ്യാസ് സ്റ്റൗവിൽ 3 എണ്ണം 161, 162, 163 എന്നീ അങ്കണവാടികൾക്കും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. എന്നാൽ അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ (പ്രോജക്ട് നം 122/17) എന്ന പദ്ധതി പ്രകാരം പ്രസ്തുത അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ എടുത്തുനല്കിയപ്പോൾ ഗ്യാസ് സ്റ്റൗവും നല്കിയിട്ടുണ്ട്. അതായത് നിലവിൽ ടി 3 അങ്കണവാടികൾക്ക് 2 വീതം ഗ്യാസ് സ്റ്റൗ ലഭിച്ചതായി രേഖകൾ സൂചിപ്പിക്കുന്നു. ടി 3 അങ്കണവാടികളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ അവയ്ക്ക് ഓരോ ഗ്യാസ് സ്റ്റൗ മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വിതരണം നടത്താത്ത 3 ഗ്യാസ് സ്റ്റൗവുകളുടെ വിലയായ ₹6660/- (2220 x3 =6660) ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ടി തുക

ഉത്തരവാദിയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-9 ഡീസൽ അടിച്ചതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ KL6D 5021 നമ്പർ വാഹനത്തിന് ഡീസൽ അടിച്ചതിന്റെ വിവരം ലോഗ്ബുക്കിൽ ചേർത്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തിയതി | ഇന്ധനത്തിന്റെ അളവ് | തുക | ഡീസൽ അടിച്ച സ്ഥാപനം |
|---|---|---|---|
| 1-9-16 | 39.66 litre | 2277/- | കിഴക്കേടത്ത് ഫ്യൂവൽസ് മുരിക്കാശ്ശേരി |
| 7-9-16 | 38.02 litre | 2183/- | " |
| 10-9-16 | 42.75litre | 2454/- | " |
| 21-9-16 | 19.53litre | 1115/- | " |
| 23-9-16 | 33.67 litre | 1921/- | " |
| 26-9-16 | 47.83litre | 2729/- | " |
| 30-9-16 | 41.72 litre | 2381/- | " |
| 18-10-16 | 41.13litre | 2468/- | " |
| 24-10-16 | 45.16 litre | 2710/- | " |
| 28-10-16 | 35.21 litre | 2113/- | " |

ലോഗ് ബുക്കിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കുടിവെള്ള വിതരണം-അപാകതകൾ

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പിന്റെ16-4-16 ലെ സ.ഉ(സാധാ)നം.1466/2016/ ഉത്തരവ് പ്രകാരം 2016ലെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തൻവർഷം കുടിവെള്ളവിതരണത്തിനായി ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിലായി ₹336600/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജലം വിതരണം ചെയ്യുന്ന ടാങ്കർലോറിയുടെ ട്രിപ്പ് ഷീറ്റുകൾ കൃത്യമായി ഹാജരാക്കുകയോ ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും എ.ഡി.എസ് ചെയർപേഴ്സണും അവ കൃത്യമായി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2) 18-04-16ൽ കുടിവെള്ളം വിതരണം ചെയ്തതായി വാർഡ് പ്രതിനിധി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറുകാരൻ 18-4-16 തിയതിയിലെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

രേഖ സൂക്ഷിപ്പ് കാര്യക്ഷമമാക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | S0183/17 |
| പ്രൊജക്ട് | എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 20,00,000/- |
| ബിൽ നം, തീയതി,തുക | 43/16-17തീയതി 31/03/17₹20,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിക്കുവേണ്ടി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് സപ്ളൈ ഓർഡർ നല്കുകയുംചെയ്തു. ഇതനുസരിച്ച് 224എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2 എണ്ണം മെയ്ന്റനൻസിനായി കൊണ്ടുപോയിട്ടുള്ളതായി സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുണ്ട്.

2) ബില്ലുപ്രകാരം 20,00,000/-രൂപ പിൻവലിച്ചെങ്കിലും 18,00,000/- രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കി 2,00,000/-രൂപ ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

3) സ്ഥാപിച്ച 240 ലൈറ്റുകളിൽ 74 എണ്ണം പ്രവർത്തനരഹിതമായതിനാൽ നന്നാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സെക്രട്ടറിയുടെ 15-6-17ലെ A2/1095/17 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടെങ്കിലും തുടർ നടപടികളുണ്ടായതായി രേഖയില്ല.

4) 240 ലൈറ്റുകളിൽ 224 എണ്ണം മാത്രം സ്ഥാപിച്ചതായാണ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. 11-ാം വാർഡിൽ ലൈറ്റുകൾ സ്ഥാപിച്ചതായി രേഖയില്ല.

ടി അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക (18,00,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക ₹2,00,000/- യഥാവിധി ക്രമീകരിക്കേണ്ടതാണ്.

## 3-12 കന്നുകുട്ടി പരിപാലനം - പദ്ധതി നാളിതുവരെ ആരംഭിക്കാത്തത്

നിർവ്വഹണം - വെറ്ററിനറി സർജൻ

| പദ്ധതി അടങ്കൽ | |
|---|---|
| വികസനഫണ്ട് | 500000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 520826 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട്) | 2037500 |
| മറ്റുള്ളവ | 1018750 |
| ആകെ | 4077076 |

| ചെലവു വിവരം | |
|---|---|
| ബിൽ നം | തുക |
| 2/16-17/13.3.2017 | 500000 |
| 3/16-17/13.3.2017 | 518750 |
| ആകെ | 1018750 |

കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതം മേൽ പരാമർശിത ബില്ലുകൾ പ്രകാരം കൈമാറിയെങ്കിലും സംസ്ഥാന വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-13 വികസനഫണ്ടിനത്തിലുള്ള തുക തിരികെ ലഭിച്ചത് സഞ്ചിതനിധിയിൽ ഒടുക്കിയിട്ടില്ല

വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക താഴെ പറയുന്ന കാരണങ്ങളാൽ പഞ്ചായത്തിൽ തിരികെ ഒടുക്കിയത് നിലവിൽ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ടി തുക സഞ്ചിതനിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ഇനം | തുക | പഞ്ചായത്തിൽ വരവുവച്ചത് |
|---|---|---|
| ആധുനിക അറവുശാല നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് 2014-15 ൽ നല്കിയ 1000000/- യിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയതിനു ശേഷം തിരികെ നല്കിയത് (ടി പദ്ധതി ഉപേക്ഷിച്ചു) | 387397 | 11608100522/25.7.2016 |

## 3-14 ഇ.എം.എസ് ഭവന നിർമ്മാണം

നിർവ്വഹണം : വി.ഇ.ഒ

വൗച്ചർ നം : 21600502/9-16 തീയതി. 20.09.16/ ₹30000/-

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി മേൽ പരാമർശിച്ച വൗച്ചർ പ്രകാരം പിൻവലിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഫയലുകൾ ലഭ്യമാക്കാത്തതിനാൽ ₹30,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് വർഷത്തെ നിർവ്വഹണം സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ചുവടെ സമാഹരിക്കുന്നു.

- 10600പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്.
- ഇവരിൽ 5634 കുടുംബങ്ങൾ തൻവർഷം വരെ പദ്ധതിയുമായി സഹകരിച്ചു.
- 307571തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഉള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്. ഇതിൽ 173711 തൊഴിൽദിനങ്ങൾ ഫോക്കൽ ഏരിയ ആക്ഷൻ പ്ളാൻ പ്രകാരം സൃഷ്ടിക്കപ്പെട്ടതാണ്.
- ഇവയിലൂടെ 184217തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.
- സാങ്കേതികാനുമതി ലഭിച്ച 823പ്രോജക്ടുകളിൽ നിന്നുമായി 806പ്രോജക്ടുകൾ തൻവർഷം നടപ്പാക്കി.
- തൻവർഷം നടപ്പാക്കിയപ്രോജക്ടുകൾ-റോഡ് കോൺക്രീറ്റിംഗ്, നീർക്കുഴി, കംമ്പോസ്റ്റ്കുഴി, കിണർ റീചാർജിംഗ്, നിലം ഒരുക്കൽ, കിണർകുഴിക്കൽ, പടുതാക്കുളം, നീർച്ചാൽ ശുചീകരണം, തുടങ്ങിയവ.
- രേഖകളും കണക്കുകളും തൃപ്തികരമായി പരിപാലിക്കുകയും അവ അധികൃതർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തൻവർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| മുന്നിരിപ്പ് | 1550 | |
| തൻവർഷ വരവ് | EFMS മുഖേന | 83260363 |
| | അലോട്ട്മെന്റ് | 1554020 |
| | പലിശ | 7645 |
| | ആകെ₹84823578 | |
| ചെലവ് | 84618941 | |
| നീക്കിയിരിപ്പ് | 204637 | |

ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| വേതനം | 70417000 |
| സാധനസാമഗ്രികൾ | 13048000 |
| എസ്റ്റാബ്ലിഷ്മെന്റ് | 1153941 |
| ആകെ | 84618941 |

## 3-16 മെയിന്റനൻസ് ഗ്രാന്റ് (റോഡ് വിഹിതം)ലഭിച്ച ഗ്രാന്റിൽ 1.11 കോടി രൂപ നഷ്ടപ്പെടുത്തി.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ് വിഹിതം) ഇനത്തിൽ ₹18001104.00/- ലഭിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ തുകയിൽ കേവലം ₹6862254.00 മാത്രമാണ് (38.12%) ചെലവഴിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഏറെ അനുഭവപ്പെടുന്നതും സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നതുമായ ഗ്രാമപഞ്ചായത്ത് പശ്ചാത്തലസൗകര്യ വികസനത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച കോടിക്കണക്കിനു രൂപ നഷ്ടപ്പെടുത്തിയ നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത

സാഹചര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ പരമാവധി വിനിയോഗിക്കുന്നതിന് പ്രായോഗികതയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 3-17 ക്ഷേമപെൻഷൻ - വിതരണം ചെയ്യാത്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമാക്കിയില്ല

സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നി മാസങ്ങളിലെ ക്ഷേമപെൻഷൻ ലഭിക്കാത്തവർക്ക് പഞ്ചായത്ത് ഡയറക്ടർ നല്കിയ ചെക്കുമുഖേന തുക വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ടി ആവശ്യത്തിലേക്കായി ലഭിച്ച തുകയിൽ വിതരണം ചെയ്യാത്ത തുക തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പെൻഷനറുടെ പേര് | IDK നം | തുക | ചെക്ക് നം & തീയതി |
|---|---|---|---|
| കാർത്ത്യായനി അയ്യപ്പൻ | 106000200043 | 4800 | 321889/11.5.2016 |
| അന്നമ്മ ജോസഫ് | 106000200068 | 3000 | 321892/11.5.2016 |
| ജാനകി തങ്കപ്പൻ | 106000200142 | 4800 | 321909/11.5.2016 |
| തോമസ് ജോൺ | 106000200176 | 2400 | 321916/11.5.2016 |
| ജോസഫ് | 106000200121 | 3200 | 321958/11.5.2016 |
| അമ്മിണി | 106000200522 | 3200 | 322044/11.5.2016 |
| റോസമ്മ എബ്രാഹം | 106000200594 | 3200 | 322047/11.5.2016 |
| ജോസഫ് | 106000200036 | 1800 | 321691/11.5.2016 |
| അന്നക്കുട്ടി | 106000200108 | 2400 | 321729/11.5.2016 |
| മറിയക്കുട്ടി ജോസഫ് | 106000200166 | 2400 | 321757/11.5.2016 |
| രുഗ്മിണി | 106000200204 | 2400 | 321768/11.5.2016 |
| ജാനകി രാഘവൻ | 106000200218 | 2400 | 321781/11.5.2016 |
| ഗോപാലൻ കൊച്ചുകുട്ടി | 106000200220 | 2400 | 321779/11.5.2016 |
| ശിവൻ കൃഷ്ണൻ | 106000200261 | 2400 | 321805/11.5.2016 |
| ജോസഫ് ജോസഫ് | 106000200303 | 2400 | 321834/11.5.2016 |
| ഭാർഗവി നാരായണൻ | 106000200305 | 2400 | 321836/11.5.2016 |
| വർഗീസ് തോമസ് | 106000200349 | 2400 | 321868/11.5.2016 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, ഇടുക്കി. | 2016-17 | 175000 | ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 175000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ രൂ 124157000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മുരിക്കാശ്ശേരി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ത.സ്വ.ഭ.വ. (സി.ബി) വകുപ്പ്- സ.ഉ(സാധാ)നം 128415/ത.സ്വ.ഭ.വ. തീയതി 29.4.2015 പ്രകാരം ₹24000000/- അനുവദിച്ചതിൽ ₹124157000/- തൻവർഷം വരവുണ്ട് | 124157000/- | 124157000/- | മുതൽ അടച്ചു തുടങ്ങിയിട്ടില്ല | 967377 | 124157000/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 80887/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-8 | 1000 | ശ്രീ.ഇ.എം.തോമസ്,സെക്രട്ടറി | 11608101593 /16.7.2016 |
| 2014-15 | 2-2(എ) | 3108 | സെക്രട്ടറി,ആപ്കോസ്,രാജമുടി | 11608101919 /18.8.2016 |
| 2014-15 | 2-2(എ) | 2500 | സെക്രട്ടറി,ആപ്കോസ്,രാജമുടി | 11608101920 /18.8.2016 |
| 2014-15 | 2-2(എ) | 6275 | സെക്രട്ടറി,ആപ്കോസ്,പടമുഖം | 11608101906 /9.8.2016 |
| 2014-15 | 2-2(സി) | 504 | സബ് ട്രഷറി ഓഫീസ്, മുരിക്കാശ്ശേരി | 11503103155 /25.2.2016 |
| 2014-15 | 3-7 | 40000 | ലീല ലൂക്കോസ്, കുഴിമറ്റത്തിൽ | 11608102190 /7.9.2016` |
| 2014-15 | 3-7 | 27500 | ലീല ലൂക്കോസ്, കുഴിമറ്റത്തിൽ | 11608102492 /17.10.2016 |
| | ആകെ | 80887 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്-സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ. | ലഭ്യമാക്കിയിട്ടില്ല |
| 2003-04 | 3-6,3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ,കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112504231 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111261863 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17738 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34726058 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 11078 | ശ്രീമതി.പി.കെ.സൗദാമണിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-8 | | 6660 | ശ്രീമതി.പി.കെ.സൗദാമണിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 188922 | ശ്രീമതി.പി.കെ.സൗദാമണിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-3 | 498979 | ശ്രീമതി.പി.കെ.സൗദാമണിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-4 | 31812400 | ശ്രീ.എ.ഒ.അജ്ജു,സെക്രട്ടറി, |
| 3-5 | 360757 | ഡോ.കൃഷ്ണപ്രിയ,മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-7 | 35000 | ശ്രീമതി.പി.കെ.സൌദാമണിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-11 | 1800000 | ശ്രീ.എ.ഒ.അജ്ജു,സെക്രട്ടറി, |
| 3-14 | 30000 | ശ്രീമതി.ഷീജ വി.റ്റി, വി.ഇ.ഒ |

| | | |
|---|---|---|
| ആകെ | 34726058 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.ഒ.അജു,സെക്രട്ടറി, | സെക്രട്ടറി,വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് | അലീന ഇല്ലം,പേഴുട്ടുകുഴി, നെയ്യാറ്റിൻകര, പി.ഒ,തിരുവനന്തപുരം |
| ശ്രീമതി.പി.കെ.സൌദാമണിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | റിട്ടയർചെയ്തു | പള്ളിക്കത്തൊട്ടി, രാജമുടി പി.ഒ,ഇടുക്കി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഐ. 9/130/98/2.11.98 |
| 1997-98 | എൽ.എഫ്.ഐ. 9/209/99/27.10.99 |
| 1998-99 | എൽ.എഫ്.ഐ. 9/292/2000/21.10.2000 |
| 1999-2000 | എൽ.എഫ്.ഐ. 9/158/01/31.07.01 |
| 2000-01 | എൽ.എഫ്.ഐ. 9/29/02/8.8.02 |
| 2001-02 | എൽ.എഫ്.ഐ. 9/577/03/7.1.04 |
| 2002-03 | എൽ.എഫ്.ഐ. 9/691/04/14.2.05 |
| 2003-04 | എൽ.എഫ്.ഐ.9/174/06/12.7.06 |
| 2004-05 | എൽ.എഫ്.ഐ. 10/948/06/1.12. 06 |
| 2005-06 | എൽ.എഫ്.ഐ. 10/500/07/10.7.07 |
| 2006-07 | എൽ.എഫ്.ഐ. 10/883/08/22.5.09 |
| 2007-08 | എൽ.എഫ്.ഐ. 13/18/10/18.11.10 |
| 2008-09 | എൽ.എഫ്.ഐ. 13/565/11/22.10.11 |

| | |
|---|---|
| 2009-10 | എൽ.എഫ്.ഐ. 13/566/11/22.10.11 |
| 2010-11 | എൽ.എഫ്.ഐ. 13/1452/12/07/7.3.13 |
| 2011-12 | എൽ.എഫ്.ഐ. 13/934/13/11.3.14 |
| 2012-13 | എൽ.എഫ്.ഐ. 13/578/14/24.6.14 |
| 2013-14 | എൽ.എഫ്.ഐ. 13/717/15/17.7.15 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ`13/173/2016/4.5.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ 13/1741/2016/30.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 13/1269/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ, തീയതി:22.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK-13/1269/2017

Kerala State Audit Department
District Audit Office, Idukki
Thodupuzha, Dated:22.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of VATHIKKUDY Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of VATHIKKUDI Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of Income & Expenditure.

DEPUTY DIRECTOR
IDUKKI